## പാർട്ടി ഭരണഘടനയിലും മതത്തിന് പ്രവേശനം

**'ചൈനീസ്** കമ്യൂണിസ്റ്റ് പാർട്ടിയുടെ 17-ാം പാർട്ടി കോൺഗ്രസ് സമാപിച്ചപ്പോൾ ഒമ്പതംഗ പരമോന്നത നയരൂപീകരണ സമിതിയിൽ ഒമ്പത് പേരും പുരുഷന്മാർ. എഴുപത് മില്യൻ പാർട്ടി അംഗങ്ങളിൽ നാലിലൊന്ന് സ്ത്രീകളാണെങ്കിലും അവർക്ക് പരമോന്നത സമിതിയിൽ പ്രതിനിധികളില്ല'- അൽജസീറ നെറ്റിന്റെ പീക്കിംഗ് പ്രതിനിധി ഇസ്സത്ത് ശഹ്റൂർ എഴുതിയ പാർട്ടി കോൺഗ്രസ് അവലോകനത്തിന്റെ ആദ്യ ഖണ്ഡികയാണിത്. പുതിയ സമിതിയിൽ നാല് പുതുമുഖങ്ങളെ കൊണ്ടുവരാൻ കഴിഞ്ഞതും തന്റെ പ്രതിയോഗിയായ വൈസ് പ്രസിഡന്റ് സെങ് കിങ് ഹോങിനെ പുറത്താക്കാൻ കഴിഞ്ഞതുമാണ് ചൈനീസ് പ്രസിഡന്റ് ഹുജിന്റാവോയുടെ ഏറ്റവും വലിയ നേട്ടമെന്ന് അദ്ദേഹം തുടർന്ന് എഴുതുന്നു. 'വികസനത്തിന്റെ ശാസ്ത്രീയ സമീപന'ത്തിൽ വിശ്വസിക്കുന്നയാളാണ് വീണ്ടും അഞ്ചു വർഷത്തേക്ക് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഹു. പൊതുമേഖലയെപ്പോലെ സ്വകാര്യമേഖലക്കും ഊന്നൽ നൽകും എന്ന പ്രഖ്യാപനം നേരത്തേ തുടങ്ങിവെച്ച മുതലാളിത്ത ഉദാരവത്കരണ നയങ്ങൾ വർധിതവീര്യത്തോടെ തുടരും എന്നതിന്റെ വ്യക്തമായ സൂചനയാണ്.

'ദൗത്യങ്ങളുടെയും സാഹചര്യങ്ങളുടെയും വെല്ലുവിളി പരിഗണിച്ച്' മതകാര്യങ്ങൾ അനുവദിക്കുന്ന സമൂഹമാക്കി ചൈനയെ മാറ്റും എന്ന കമ്യൂണിസ്റ്റ് പാർട്ടി ഭരണഘടനയിലെ ഭേദഗതിയാണ് ഇത്തവണത്തെ കോൺഗ്രസ്സിനെ ശ്രദ്ധേയമാക്കുന്നത്. പാർട്ടി ഭരണഘടനയിൽ ഇതാദ്യമായാണ് മതം പരാമർശിക്കപ്പെടുന്നത്. ചൈനീസ് ഭരണഘടനയിൽ മതസ്വാതന്ത്ര്യം അനുവദിക്കുമെന്ന് ഒന്നിലധികം സ്ഥലങ്ങളിൽ പറയുന്നുണ്ടെങ്കിലും, ഫലത്തിൽ മതങ്ങളെ അടിച്ചമർത്തുന്ന സമീപനമായിരുന്നു ഭരണകൂടത്തിന്റേത്. പുതിയ നിലപാട് നയപരമായ വ്യതിയാനം എന്നതിലുപരി സാമ്പത്തിക താൽപര്യങ്ങൾ മുമ്പിൽ വെച്ചുള്ള ഭേദഗതിയാണ്. പശ്ചിമേഷ്യയിൽ തങ്ങളുടെ പ്രതിഛായ മിനുക്കിയെടുക്കലാണ് മുഖ്യലക്ഷ്യം. എണ്ണ, ഗ്യാസ് തുടങ്ങിയ ഊർജ മേഖലകളിൽ കൂടുതലായി ശ്രദ്ധയൂന്നുന്ന ചൈനീസ് കമ്പനികൾക്ക് അത് പ്രയോജനപ്പെടും.

ബുദ്ധമതം, താവോ മതം, ഇസ്‌ലാം, കത്തോലിക്ക എന്നിവയുടെ അനുയായികളാണ് ചൈനയിലെ പ്രമുഖ മതവിഭാഗങ്ങൾ. ഔദ്യോഗിക കണക്ക് പ്രകാരം ഇവരുടെ മൊത്തം എണ്ണം നൂറ് മില്യൻ മാത്രമാണ്. ബാക്കി ബഹുഭൂരിഭാഗം വരുന്ന 1.2 ബില്യൻ ജനങ്ങൾക്ക് ഒരു മതത്തിലും വിശ്വാസമില്ലെന്നാണ് കമ്യൂണിസ്റ്റ് ഭാഷ്യം. നൂറ് മില്യൻ കണക്ക് ശരിയാണെങ്കിൽ അതിൽ 25 മില്യനോളം വരും മുസ്‌ലിംകളുടെ എണ്ണം.

ചൈനയിൽ നാൽപതിനായിരം പള്ളി ഇമാമുമാരും മതപ്രബോധകരുമുണ്ടെന്ന് ചൈനീസ് ഇസ്‌ലാമിക് ഫെഡറേഷന്റെ തലവൻ ഷിൻ ഗ്വാങ് യുവാൻ അവകാശപ്പെടുന്നു. ഹജ്ജിന് പോകാനും മുസ്‌ലിം രാജ്യങ്ങളിൽനിന്ന് മതപണ്ഡിതന്മാരെ കൊണ്ടുവരാനും മുമ്പത്തേക്കാളേറെ ഇപ്പോൾ സൗകര്യങ്ങളുണ്ടെന്നത് വാസ്തവമാണ്. അതേസമയം മതവിശ്വാസികൾക്ക് ഏർപ്പെടുത്തിയ ചില കടുത്ത നിയന്ത്രണങ്ങൾ ഇപ്പോഴും എടുത്തുമാറ്റിയിട്ടുമില്ല.

2004-ൽ ചൈന സന്ദർശിച്ച *അൽ അഹ്റാം* എന്ന ഈജിപ്ഷ്യൻ പത്രത്തിന്റെ അസി. എഡിറ്റർ മഹ്മൂദ് മുറാദ് രസകരമായ ഒരു സംഭവം അനുസ്മരിക്കുന്നുണ്ട്. 'നോജി' പള്ളിയിലെ ഇമാമായ ശൈഖ് ഇബ്റാഹീം ഗൂവുമായി അദ്ദേഹം സംസാരിക്കാനിടയായി. വെള്ളിയാഴ്ച തന്റെ പള്ളിയിൽ ഒരു ലക്ഷം പേരെങ്കിലും ജുമുഅ നമസ്കരിക്കാനെത്തും എന്ന് പറഞ്ഞ ശേഷം ഇമാം കൂട്ടിച്ചേർത്തു:

'ജുമുഅ നമസ്കാരം കഴിഞ്ഞ് ഞങ്ങൾ ളുഹ്ർ നമസ്കരിക്കും'.

'ജുമുഅ കഴിഞ്ഞാൽ പിന്നെ ളുഹ്ർ നമസ്കാരമില്ലല്ലോ' എന്നായി പത്രപ്രവർത്തകൻ.

'ഇവിടെ അങ്ങനെയല്ല. ജുമുഅ കഴിഞ്ഞാൽ പതിനാറ് റക്അത്ത് ളുഹ്ർ നമസ്കരിക്കും'- ഇമാം.

'പതിനാറ് റക്അത്തോ?'

'അതേ, ഫർദും സുന്നത്തുമായി പതിനാറ് റക്അത്ത്.'

പത്രലേഖകൻ പലതും പറഞ്ഞുനോക്കിയെങ്കിലും 'അങ്ങനെയാണ് ചൈനീസ് ഇസ്‌ലാം' എന്നു പറഞ്ഞ് ഇമാം തന്റെ വാദത്തിൽ ഉറച്ചുനിന്നു. ദീർഘകാലം മുസ്‌ലിംലോകവുമായി ബന്ധം വിഛേദിക്കപ്പെട്ടതിനാൽ ആചാരാനുഷ്ഠാനങ്ങളിൽ ഇങ്ങനെ പലതരം വ്യതിയാനങ്ങൾ വന്നുപോയിട്ടുണ്ടെന്നും അവ തിരുത്താൻ ലോക ഇസ്‌ലാമിക വേദികൾ മുൻകൈയെടുക്കണമെന്നും മഹ്മൂദ് മുറാദ് ഉണർത്തുന്നു. ■

## അമേരിക്കയുടെ ആതിഥ്യ മര്യാദ?

**കഴിഞ്ഞ** മാസം യു.എൻ ആസ്ഥാനത്തേക്കുള്ള യാത്രാമധ്യേ ഇറാനിയൻ പ്രസിഡന്റ് അഹ്മദീ നിജാദ് അമേരിക്കയിലെ പുകൾപെറ്റ കൊളംബിയ യൂനിവേഴ്സിറ്റിയിലും ഒന്നു കയറി. വെറുതെ കയറിയതല്ല, ക്ഷണിച്ചിട്ട് പോയതാണ്. അവിടെ വെച്ച് അമേരിക്കക്കാരന്റെ 'ആതിഥ്യ മര്യാദ' ശരിക്കും അദ്ദേഹം രുചിച്ചറിഞ്ഞു. ലീ.സി. ബോളിംഗർ എന്നൊരാളാണ് യൂനിവേഴ്സിറ്റിയുടെ തലവൻ. നിജാദിനെ ക്ഷണിച്ചത് തന്റെ പണി തെറിപ്പിക്കുമെന്ന് വൈകിയാണ് കക്ഷിക്ക് ബോധോദയമുണ്ടാകുന്നത്. അതിനാൽ 'സ്വാഗതഭാഷണം' എന്ന പേരിൽ ടിയാന്റെ അധിക്ഷേപ ഭാഷണം അര മണിക്കൂർ നീണ്ടു.

സ്റ്റേജിൽ തന്നിൽനിന്ന് പത്തടി അകലത്തിൽ ഇരിക്കുന്ന നിജാദിനെ നോക്കി ബോളിംഗർ ആക്രോശിച്ചു: 'മിസ്റ്റർ പ്രസിഡന്റ്! ഒരു ക്രൂരനായ ഏകാധിപതിയുടെ എല്ലാ ലക്ഷണങ്ങളും നിങ്ങൾ പ്രകടിപ്പിക്കുന്നു. ഒന്നുകിൽ നിങ്ങൾ ഭയങ്കരമായി പ്രകോപിപ്പിക്കുന്നു;

അല്ലെങ്കിൽ ഞെട്ടിക്കുംവിധം വിവരമില്ലായ്മ കാണിക്കുന്നു'. ഇതു കേട്ട് ഹാളിൽ തിങ്ങിനിറഞ്ഞവർ നിജാദിനെ കൂക്കിവിളിക്കുകയും കൊഞ്ഞനം കുത്തുകയും ചെയ്തു. ആവേശഭരിതനായ ബോളിംഗർ ജോർജ് ബുഷിന്റെ ശൈലിയിലായി പിന്നെ ഭാഷണം. ഇറാൻ അന്താരാഷ്ട്ര മര്യാദകൾ ലംഘിക്കുന്നു, അണുബോംബുണ്ടാക്കുന്നു, ഭരണകൂടഭീകരതക്ക് നേതൃത്വം നൽകുന്നു... എന്നിത്യാദി.

ഒരു ചെറുപുഞ്ചിരിയോടെ എല്ലാ അവഹേളനങ്ങൾക്കും സാക്ഷിയായ ശേഷം നിജാദ് മറുപടി പ്രസംഗത്തിന് എഴുന്നേറ്റു: "ഞങ്ങൾ ഇറാനിൽ അതിഥികളെ മാന്യമായി മാത്രമേ സ്വീകരിക്കാറുള്ളൂ". ഗാന്ധിജിക്കുപോലും അസൂയ ജനിപ്പിക്കുന്ന പ്രതികരണം! "ഇവിടെ പ്രസംഗിച്ച മാന്യൻ എന്നെ അഭിസംബോധന ചെയ്യുകയായിരുന്നില്ല; ബുദ്ധിയും വിവരവുമുള്ള ഇവിടെ കൂടിയ സദസ്യരെ അപമാനിക്കുകയായിരുന്നു. ഇതുപോലുള്ള ഒരു യൂനിവേഴ്സിറ്റി അന്തരീക്ഷത്തിൽ എല്ലാവർക്കും അവരവരുടെ അഭിപ്രായങ്ങൾ പറയാനുള്ള അവസരം സൃഷ്ടിക്കുകയാണ് വേണ്ടത്. ആ അഭിപ്രായങ്ങളിൽനിന്നാണ് സത്യം ഉരുത്തിരിഞ്ഞു വരിക."

അമേരിക്കയിലേക്ക് പുറപ്പെടുന്നതിനു മുമ്പ് മാന്യമല്ലാത്ത രീതിയിൽ സംസാരിച്ചുകൊണ്ടിരുന്ന സി.ബി.എസ് ടെലിവിഷൻ പ്രതിനിധിയെ നിജാദ് ഓർമിപ്പിച്ചു: "താങ്കൾ ഒരു സി.ഐ.എ ഉദ്യോഗസ്ഥനെപ്പോലെ സംസാരിക്കുന്നു. ഇത് ഗ്വാണ്ടനാമോ തടവറയല്ല; അബൂഗുറൈബല്ല. ഇത് ഇറാനാണ്. ഞാൻ ഈ നാടിന്റെ പ്രസിഡന്റാണ്."

ഒരു നാടിന്റെ പ്രസിഡന്റിനെ ആ നാട്ടിൽ വെച്ച് അപമാനിക്കുന്നവരുടെ സ്വന്തം നാട്ടിലെ പ്രകടനം എങ്ങനെയായിരിക്കും! നിജാദ് അമേരിക്കയിലെത്തിയ ദിവസം *ന്യൂയോർക്ക് ഡെയ്‌ലി ന്യൂസ്* കൊടുത്ത ഭീമൻ തലക്കെട്ട്: THE EVIL HAS LANDED! (തിന്മ വന്നിറങ്ങി).

എന്നിട്ടും അമേരിക്കൻ മണ്ണിൽ വെച്ച് ആ 'പ്രകോപനപരമായ' രണ്ട് ചോദ്യങ്ങൾ നിജാദ് വീണ്ടും ചോദിച്ചു:

1. നിങ്ങൾ അഞ്ചാം തലമുറ ആറ്റം ബോംബുകൾ (Fifth generation atom bombs) വരെ ഉണ്ടാക്കുകയും പരീക്ഷിക്കുകയും ചെയ്തിരിക്കെ, മറ്റുള്ളവർക്ക് ആണവോർജം പോലും പാടില്ലെന്ന് പറയാൻ നിങ്ങൾ ആരാണ്?

2. ഹോളോകാസ്റ്റ് നടന്നിട്ടുണ്ടെങ്കിൽ തന്നെ, യൂറോപ്പ് ചെയ്ത അതിക്രമങ്ങൾക്ക് ഫലസ്ത്വീനികൾ എന്തിന് പിഴയൊടുക്കണം? ■

# കാലാവധി തീരാതെ ലിബർഹാൻ കമീഷൻ!

**ലിബർഹാൻ** കമീഷന്റെ കാലാവധി നീട്ടുന്നത് ഇത് 41-ാം തവണ. ഈ ഒക്ടോബർ ഒടുവിൽ കമീഷൻ റിപ്പോർട്ട് സമർപ്പിക്കേണ്ടതായിരുന്നു. 1992 ഡിസംബർ 6-ന് ബാബരിമസ്ജിദ് തകർക്കപ്പെട്ടപ്പോൾ, സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തമായതാണ് ഈ കമീഷൻ. അന്വേഷണം ഇതുവരെയും എങ്ങുമെത്തിയില്ല. രാഷ്ട്രീയ ചരടുവലികളും കമീഷൻ അംഗങ്ങൾ തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മയുമാണ് മുഖ്യപ്രശ്നം. *ഔട്ട്‌ലുക്ക്* വാരിക (2007 സെപ്റ്റംബർ 17)യുമായി നടത്തിയ അഭിമുഖത്തിൽ കമീഷൻ അംഗമായ അനുപം ഗുപ്ത പറഞ്ഞു: 'ഈ റിപ്പോർട്ടുമായി അകലം പാലിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്.'

ജസ്റ്റിസ് ലിബർഹാനുമായുള്ള രൂക്ഷമായ അഭിപ്രായഭിന്നതയാണ് ഇവിടെ മറനീക്കി പുറത്തുവന്നിരിക്കുന്നത്. നരസിംഹറാവു, എൽ.കെ അദ്വാനി തുടങ്ങിയവർക്ക് പള്ളി തകർക്കുന്നതിൽ പ്രത്യക്ഷ പങ്കാളിത്തമില്ല എന്ന ന്യായത്തിൽ, അവരെ കുറ്റവിമുക്തരാക്കുന്ന മട്ടിലാണത്രെ റിപ്പോർട്ട് തയാറായിവരുന്നത്. 'പൊളിക്കാൻ കമ്പിയും പാരയുമായി ചെന്നോ എന്നതല്ല പ്രശ്നം. ഒരു ജനക്കൂട്ടം പെട്ടെന്ന് കേറി പൊളിച്ച് മാറ്റിയതല്ല ബാബരി മസ്ജിദ്. അതൊരു ആസൂത്രിത രാഷ്ട്രീയ നീക്കത്തിന്റെ ഭാഗമായിരുന്നു. രഥയാത്ര നടത്തി അദ്വാനിയാണതിന് നേതൃത്വം കൊടുത്തത്'. ഇതായിരുന്നു അനുപം ഗുപ്തയുടെ നിലപാട്. അദ്വാനി ആഭ്യന്തര മന്ത്രിയായിരിക്കെ അദ്ദേഹത്തെ ചോദ്യം ചെയ്യാനും തെളിവെടുക്കാനും അനുപം ധൈര്യപ്പെട്ടു. അദ്വാനി പ്രകോപിതനായി. ഈ രീതിയിൽ മുന്നോട്ട് പോകരുതെന്ന് ലിബർഹാൻ അനുപമിന് താക്കീത് നൽകുകയും ചെയ്തു. അനുപമിനെ നിശ്ശബ്ദനാക്കിയതോടെ, ഇനി റിപ്പോർട്ട് പുറത്തുവന്നാൽ തന്നെ അതിന്റെ ഉള്ളടക്കം എന്തായിരിക്കുമെന്ന് നമുക്ക് ഏറക്കുറെ ഊഹിക്കാം.

ബാബരിമസ്ജിദ് തകർക്കപ്പെട്ടതിനെത്തുടർന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വർഗീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. അതിലേറ്റവും രൂക്ഷം മുംബൈ കലാപമായിരുന്നു. അവസരം മുതലെടുത്ത് ഫാഷിസ്റ്റ് ശക്തികൾ മുസ്‌ലിംകൾക്കെതിരെ നടത്തിയ ആസൂത്രിതമായ തേർവാഴ്ച. ഇതിന് ചുക്കാൻ പിടിച്ച സംഘടനകളും വ്യക്തികളും ആരെല്ലാമെന്ന് പകൽ പോലെ വ്യക്തം. ഇതിന്റെ പ്രതികരണമെന്നോണമാണ് മുംബൈ നഗരത്തെ നടുക്കിയ സ്ഫോടന പരമ്പരകൾ അരങ്ങേറുന്നത്. സ്ഫോടനത്തിലെ പ്രതികളെ പിടികൂടുകയും മാരത്തോൺ വിചാരണയിലൂടെ അവർക്ക് ശിക്ഷ നൽകുകയും ചെയ്തിരിക്കുന്നു. ബാബരിമസ്ജിദ് തകർക്കലിന്റെയും മുംബൈ കലാപത്തിന്റെയും അന്വേഷണം പോലും രാഷ്ട്രീയ സമ്മർദങ്ങളാൽ പൂർത്തിയാക്കാനാവുന്നില്ല. നീതിന്യായത്തിന്റെ ഓരോരോ മറിമായങ്ങൾ! ■

# 'കേരളത്തിൽ മൂന്നാം മുന്നണിക്ക് സമയമായി'

**കേരളത്തിലെ** ഇടതു ജനാധിപത്യ മുന്നണിയും ഐക്യ ജനാധിപത്യമുന്നണിയും സംസ്ഥാനത്തെ ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉയരുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണെന്നും അതിനാൽ ഒരു മൂന്നാം മുന്നണിക്ക് രൂപം നൽകേണ്ട സമയമായിരിക്കുന്നുവെന്നും ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി. "എൽ.ഡി.എഫും യു.ഡി.എഫും അവരുടെ പ്രവൃത്തിയിലൂടെ തെളിയിക്കുന്നത്, ജനക്ഷേമമല്ല രണ്ട് കൂട്ടരുടെയും മുഖ്യ ലക്ഷ്യം എന്നാണ്. തെരഞ്ഞെടുപ്പ് വരുമ്പോൾ ജനം ഒന്നുകിൽ എൽ.ഡി.എഫിനെ പിന്തുണക്കും; അല്ലെങ്കിൽ യു.ഡി.എഫിനെ. ആന്റി വോട്ടുകളാണ് ഓരോ മുന്നണിയെയും അധികാരത്തിലേറ്റുന്നത്. യു.ഡി.എഫിനെ തോൽപിക്കാൻ എൽ.ഡി.എഫിനും തിരിച്ചും അവർ വോട്ട് ചെയ്യുന്നു. ഇതാണ് വർഷങ്ങളായി കേരളത്തിലെ സ്ഥിതി. ഇപ്പോൾ കേരളീയർ ഒരു മൂന്നാം മുന്നണിക്കായി പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്. മൂന്നാർ, സ്വാശ്രയ പ്രഫഷണൽ കോഴ്സുകൾ, ഭരണനിർവഹണത്തിലെ അഴിമതി തുടങ്ങിയ പ്രശ്നങ്ങൾ പഠിക്കുമ്പോൾ വ്യക്തമാകുന്നത്, ഒരു മൂന്നാം മുന്നണിക്ക് സംസ്ഥാനത്ത് സാധ്യതകളുണ്ട് എന്നുതന്നെയാണ്."

ഗൾഫിലെ ഇംഗ്ലീഷ് ദിനപത്രമായ *അറബ് ന്യൂസി*(2007, ഒക്ടോബർ 13)നോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മൂന്നാം മുന്നണിയുടെ സാധ്യതകളെക്കുറിച്ച് നല്ലൊരു പഠനം നടക്കണം. സാധാരണക്കാരന്റെ മുഖ്യപ്രശ്നങ്ങൾക്ക് പ്രഥമ പരിഗണന നൽകുന്നതോടൊപ്പം വർഷങ്ങളായി സംസ്ഥാനത്തിന്റെ പൊതുമുതൽ നശിപ്പിക്കുന്ന വിവിധ മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യാനുള്ള ഇഛാശക്തിയും ആ മുന്നണിക്കുണ്ടാവണം.

ജാതിയും മതവും നോക്കാതെ എല്ലാ വിഭാഗം ജനങ്ങളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ജമാഅത്ത് ശ്രമിക്കുന്നുണ്ടെന്ന് അമീർ വ്യക്തമാക്കി. "സംഘടന നടത്തിയ സൂനാമി ദുരിതാശ്വാസ പ്രവർത്തനത്തിന്റെ പ്രയോജനം ലഭിച്ചവരിൽ എൺപത് ശതമാനവും മുസ്‌ലിംകളല്ലാത്തവരായിരുന്നു.'' ദലിതുകളുടെയും മറ്റു പിന്നാക്ക വിഭാഗങ്ങളുടെയും ശാക്തീകരണത്തിനും ഐക്യത്തിനും ജമാഅത്ത് മുൻകൈയെടുക്കും. സ്ത്രീശാക്തീകരണമാണ് ഊന്നൽ കൊടുക്കുന്ന മറ്റൊരു മേഖല. "ഒരു സംസ്ഥാന വനിതാ സമ്മേളനം സംഘടിപ്പിക്കാൻ ജമാഅത്ത് തീരുമാനിച്ചിട്ടുണ്ട്. പ്രവാചകന്റെയും അനുയായികളുടെയും കാലത്ത് സ്ത്രീക്ക് ലഭിച്ചിരുന്ന എല്ലാ അവകാശങ്ങളും അവൾക്ക് തിരിച്ചു നൽകാനുള്ള സമര പ്രഖ്യാപനമായിരിക്കും ഈ സമ്മേളനം. ലോകപ്രശസ്ത വനിതാ വ്യക്തിത്വങ്ങൾ പങ്കെടുക്കുന്ന ദ്വിദിന സമ്മേളനത്തിൽ ഒരു ലക്ഷം വനിതകൾ എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു." ■

# നവയാഥാസ്ഥിതികരുടെ വിദ്വേഷപ്രചാരണ കാമ്പയിൻ

**'മുസ്‌ലിംകളെ** വെറുക്കുന്നുണ്ടോ? ഞങ്ങൾ വെറുക്കുന്നുണ്ട്.' ഒരു പ്രഭാതത്തിൽ അമേരിക്കയിലെ നിരവധി കോളേജ് കാമ്പസുകളിൽ വിദ്യാർഥികളെ കാത്തിരുന്ന ഒരു പോസ്റ്ററിന്റെ തലവാചകമാണിത്. അധികൃതർ ആ പോസ്റ്ററുകൾ നീക്കം ചെയ്തു. ഒരു വിദ്വേഷ പ്രചാരണ കാമ്പയിനിന്റെ തുടക്കമായിരുന്നു അത്. 'ഇസ്‌ലാമോ ഫാഷിസം' ബോധവത്കരണ കാമ്പയിൻ! നവയാഥാസ്ഥിതികരുടെ തലതൊട്ടപ്പൻ ജോർജ് ബുഷിന്റെ വികട നാവിൽനിന്ന് ഉതിർന്നതാണ് 'ഇസ്‌ലാമോ ഫാഷിസം' എന്ന പ്രയോഗം. കുഞ്ഞാടുകൾ ആ പ്രയോഗം തന്നെ കാമ്പയിൻ തലക്കെട്ടായി തെരഞ്ഞെടുത്തത് തീർത്തും സ്വാഭാവികം.

അമേരിക്കയിലെ ഇരുനൂറോളം യൂനിവേഴ്സിറ്റികളിലാണ് ഇസ്‌ലാംവിദ്വേഷം വമിക്കുന്ന ഇത്തരം പോസ്റ്ററുകളും ലഘുലേഖകളും പ്രത്യക്ഷപ്പെട്ടത്. നവയാഥാസ്ഥിതികരുടെ കാർമികത്വത്തിൽ ഒക്ടോബർ 22 മുതൽ 26 വരെയായിരുന്നു കാമ്പയിൻ. ഡേവിഡ് ഹോറോവിറ്റ്സ് എന്നൊരാളാണ് ഇതിന്റെ മുഖ്യ സംഘാടകൻ. ഡച്ച് രാഷ്ട്രീയത്തിലെ വലതുപക്ഷ തീവ്രവാദി അയാൻ ഹിർസി അലി, ജൂതകോളമിസ്റ്റ് ഡാനിയൽ പൈപ്പ്സ് തുടങ്ങിയ സകല ഒന്നാം നമ്പർ ഇസ്‌ലാംവിദ്വേഷികളെയും കാമ്പസുകളിലേക്ക് ക്ഷണിച്ചുവരുത്തിയിരുന്നു- ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണി ഇസ്‌ലാമാണെന്ന് വിദ്യാർഥികളെ 'ബോധവത്കരിക്കാൻ!'

കാമ്പസുകളിൽ വ്യാപകമായി വിതരണം ചെയ്ത ലഘുലേഖകളിൽ ഒരു ചിത്രം കൊടുത്തിരുന്നു. കല്ലെറിഞ്ഞ് കൊല്ലാനായി ഹിജാബ് ധരിച്ച ഒരു സ്ത്രീയെ ഒരു കുഴിയിൽ അരവരെ മണ്ണിട്ട് മൂടി നിർത്തിയിരിക്കുന്നു. ഇസ്‌ലാമിന്റെ സ്ത്രീവിരുദ്ധത ചിത്രീകരിക്കാൻ ഇതിനേക്കാൾ നല്ല ചിത്രം വേറെ കിട്ടാനില്ല. പക്ഷേ, 1994-ൽ നിർമിച്ച ഒരു സിനിമയിൽനിന്നുള്ള ഷോട്ടായിരുന്നു ഈ ചിത്രം എന്നു മാത്രം. ഹിജാബ് ധരിച്ച് അഭിനയിച്ച സ്ത്രീ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്! ബുഷിന്റെ അനുയായികളല്ലേ, പെരുങ്കള്ളങ്ങളുടെ മഹാപ്രളയം തന്നെ പ്രതീക്ഷിക്കണം. ■